**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1294** **03-02-2026 - ൽ മറുപടിയ്ക്ക്**

**വട്ടവട-പഴത്തോട്ടം ചിലന്തിയാർ റോഡു നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ബഡ്ജറ്റിൽ തുക അനുവദിച്ച് ഭരണാനുമതി നൽകിയ ദേവികുളം മണ്ഡലത്തിലെ വട്ടവട-പഴത്തോട്ടം ചിലന്തിയാർ റോഡിന്റെ നിർമ്മാണത്തിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ; | (എ) | വട്ടവട ചിലന്തിയാർകടി പഴത്തോട്ടം റോഡ് പ്രവൃത്തിക്ക് 500 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽക്കുകയും 500 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ചെയ്തു. ടി പ്രവൃത്തിക്ക് കരാറുകാരന് 23.03.2024 തീയതി സൈറ്റ് കൈമാറി നൽകിയിരുന്നു. തുടർന്ന് ഉണ്ടായ കാലവർഷത്തിലെ മഴവെള്ളപ്പാച്ചിലിലും വാട്ടർ അതോറിറ്റിയുടെ ജലജീവൻ മിഷൻ പ്രവൃത്തികളും മൂലം റോഡ് കൂടുതൽ ശോചനീയമായി തീർന്നു . ആയതിനാൽ ഭരണാനുമതി തുകയ്ക്കുള്ളിൽ നിന്നും മുഴുവൻ പ്രവൃത്തിയും ചെയ്യാൻ സാധിക്കാതെ വരുകയും തുടർന്നു ടി പ്രവൃത്തിയിൽ നിലവിൽ നൽകിയ തുകയിക്കുള്ളിൽ തന്നെ 5 കി.മീറ്റർ ദൂരം മാത്രം full upgradation നടത്തുന്നതിനായി ടി പ്രവൃത്തിയിൽ scope change ഉൾപ്പെടെയുള്ള പുതുക്കിയ ഭരണാനുമതി സർക്കാർ ഉത്തരവ് നമ്പർ G.O (Rt) No.485/2025/PWD Dated 29.03.2025 പ്രകാരം നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും ചെയ്തു. എന്നാൽ ക്വാട്ട് ചെയ്ത തുകയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയില്ല എന്നും ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി 20% അധിക തുക അംഗീകരിച്ചു തരുകയോ അല്ലാത്ത പക്ഷം closure agreement വച്ച് പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കി തരുകയോ വേണമെന്ന് ആവശ്യപ്പെട്ട് കരാറുകാരൻ കത്ത് നൽകുകയും ചെയ്തു. ഈ വിഷയം പരിശോധനയിലാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; | (ബി) | നിലവിലുള്ള എഗ്രിമെന്റ് റദ്ദ് ചെയ്യാത്തതിനാൽ റീ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല. നിലവിലുള്ള പ്രവൃത്തിയുടെ കരാറുകാരനെ ഒഴിവാക്കുന്ന വിഷയം പരിശോധനയിലാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ? | (സി) | നിലവിലുള്ള എഗ്രിമെന്റ് റദ്ദ് ചെയ്യാത്തതിനാൽ റീ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല. നിലവിലുള്ള പ്രവൃത്തിയുടെ കരാറുകാരനെ ഒഴിവാക്കുന്ന വിഷയം പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ